# നാടകത്തിൻെറ ഭാവി

—എൻ. വി. കൃഷ്ണവാരിയർ എം.എ; എം.ലിററ്.

നാടകങ്ങളിലൂടെ നിമ്മാണത്തിലും അഭിനയത്തിലും ഒരു പുതിയ ഉത്സാഹവും ആവേശവും നമ്മുടെ നാട്ടിൽ പുഷ്ടിപ്പെട്ടു വരികയാണ്. ഇതൊരു ശുഭശകുനമാണെന്നതിൽ യാതൊരു സംശയവുമില്ല. നാടകാഭിവൃദ്ധി രണ്ടുവിധത്തിൽ ജനതയുടെ സംസ്കാരവികാസത്തിന്നുതകുന്നു. ഒന്നാമത്, നാടകാഭിവൃദ്ധിയുമായി വേർതിരിക്കാനാവാത്ത വിധം ബന്ധപ്പെട്ടതാണ് സാഹിത്യാഭിവൃദ്ധി. ലോക സാഹിത്യങ്ങളെല്ലാമെടുത്തു പരിശോധിച്ചു നോക്കു: അവയിലെ മികച്ചകൃതികൾ. സംസ്കൃത സാഹിത്യത്തിലെ ഏററവും പ്രശസ്തനായ കവിയുടെ ഏററവും പ്രശസ്തമായ കൃതി ഒരു നാടകമായ അഭിജ്ഞാന ശാകുന്തളമാകുന്നു. യൂറിപ്പിഡിസിൻെറയും ഇസ്കിലസ്സിൻെറയും സോഫോക്ലീസിൻെറയും ശോകാന്തനാടകങ്ങൾ നീക്കിയാൽ പിന്നെ ഗ്രീക്കുസാഹിത്യത്തിൽ പറയത്തക്കതായി വളരെക്കുറച്ചേ അവശേഷിക്കയുള്ളു. ഷേക്ക്സ്പിയറുടെ നാടകങ്ങളല്ലെ ഇംഗ്ലീഷ് സാഹിത്യത്തിൻെറ അനർഘസമ്പത്ത്? 'ഫൌസ്റ്റി'നെക്കാൾ മികച്ച ഒരു കൃതിയുണ്ടോ ജമ്മൻ സാഹിത്യത്തിൽ?

പക്ഷെ മലയാളത്തിലെ നാടകസാഹിത്യം ഇന്നും ദരിദ്രമാണ്. നമുക്കൊരു സാഹിത്യമുണ്ടാകുന്നതിനു മുമ്പുതന്നെ നാം നാടകം കാണാനും അതിൽ രസിക്കാനും തുടങ്ങി. അതാണ് 'കൂടിയാട്ടം'. സംസ്കൃത്യങ്ങളെ, ഭരതനാട്യശാസ്ത്രത്തിൽ വിധിച്ച സമ്പ്രദായത്തിൽ, ക്ഷേത്രങ്ങളിൽ വെച്ചഭിനയിക്കയാണല്ലോ കൂടിയാട്ടത്തിൽ ചെയ്യുന്നത്. ക്രമേണ അതിന്നൊരു ദിവ്യതയുടെ പരിവേഷം—വഴിവാടുരായ—വന്നുചേൎന്നു എന്നതു ശരിതന്നെ. എന്നാലും, നാടകാഭിനയം തൊഴിലാക്കിയ ഒരു വർഗ്ഗം കേരളത്തിലുണ്ടായിരുന്നു എന്നതു മറക്കരുത്. മാത്രമല്ല, സ്ത്രീകൾ മാത്രം സ്ത്രീകളുടെ വേഷമെടുക്കുക എന്ന സമ്പ്രദായവും ആയിരമായിരം കൊല്ലങ്ങളായി ഇവിടെ നിലവിലുണ്ടായിരുന്നു. നാടകത്തിൽ വേഷംകെട്ടുന്നത് ഇവിടെ സ്ത്രീകളുടെഅന്തസ്സിന് ഒരുവിധത്തിലും ഹാനികരമായിരുന്നില്ല. 'നങ്ങ്യാർ' എന്നത് എന്നും ബഹുമാനിക്കപ്പെട്ടുവന്ന ഒരു കല (തൊഴിൽ) പ്പേരായിരുന്നു. കേരളീയ സമുദായഘടനയിൽ ചാക്യാൎക്കും നങ്ങ്യാൎക്കും വിശിഷ്ടമായ സ്ഥാനമുണ്ടായിരുന്നു. നമ്മുടെ അഭ്യസ്ത വിദ്യകളായ യുവതികളിൽ അഭിനയവാസനയുള്ളവർ ഈ നങ്ങ്യാർമാരെ കണ്ടു പഠിക്കട്ടെ എന്ന്, ഇടക്ക്, പറയാൻ തോന്നുന്നു.

കൂടിയാട്ടം കണ്ടു രസിക്കാൻ സംസ്കൃതവ്യുല്പത്തിയും, ഭരതനാട്യശാസ്ത്രത്തിലവഗാഹവും മാത്രം പോര. 'ഉയൎന്ന ജാതി'ക്കാൎക്കേ കൂത്തമ്പലത്തിന്നടുത്തുതന്നെ ചെല്ലാൻ കഴിയൂ. (കൂത്തമ്പലത്തിൻെറ കഥ പറഞ്ഞപ്പോഴാണ്: തൃശ്ശൂർ, പെരുമനം, ഇരിങ്ങാലക്കുട, മുതലായ നമ്മുടെ വലിയ ഗ്രാമക്ഷേത്രങ്ങളിലാണ് ഇന്ത്യ

യിലെ ഏററവും പഴയ 'തിയേററെ'കളുടെ ഏകദേശരൂപമെങ്കിലും ഇന്നു കാണുവാൻ കഴിയുക. മഹനീയമായ ചരിത്രാവശിഷ്ടങ്ങളെന്ന നിലക്കുകൂടി പ്രധാനപ്പെട്ട ഈ നാടകശാലകളെപ്പററി വേണ്ടത്ര പഠനം ഇനിയും നടന്നിട്ടില്ല.) കൂടിയാട്ടത്തിനു മുമ്പിൽ ബ്രാഹ്മണർക്കേ ഇരിക്കാവൂ. മററുള്ള സവർണ്ണ ഹിന്ദുക്കൾക്കു ചുററും നിന്നു കൂത്തു കേൾക്കുകയും കൂടിയാട്ടം കാണുകയുമാവാം. എന്നാലും, അതിൽ പലതും മനസ്സിലാവണമെങ്കിൽ, അവർ നാട്യ ശാസ്ത്രത്തിൽ അടിയോളം ഇറങ്ങിച്ചെന്നിരിക്കണം? അതിനു എത്ര ആളുകൾ ഉണ്ട്. ആ കെല്ലുടി അവർണ്ണ ഹിന്ദുക്കളും അന്യമതക്കാർക്കുമാണെങ്കിൽ അമ്പലത്തിന്നടുത്തെങ്ങും അടുക്കുകകൂടി വയ്യ. അതിനാൽ സാധാരണക്കാർ നാടോടി നാടകങ്ങളിലേക്കു തിരിഞ്ഞു. കോലം തുള്ളലും തെയ്യങ്ങളും ആണവരെ ആദ്യമൊക്കെ രസിപ്പിച്ചതു്. ഇവയിൽ നിന്നു പരിഷ്കരിച്ചുവന്നവയാണു് കഥകളി, ഓട്ടൻതുള്ളൽ മുതലായവ. കഥകളിയുടെ സ്വാധീനശക്തി നമ്മുടെ നാട്ടുകാരെ പിടിച്ചടക്കിക്കളഞ്ഞു. അതിനാൽ നൃത്താഭിനയങ്ങളിൽ നമ്മുടെ നില ഭദ്രമായി; എങ്കിലും സാഹിത്യം ദരിദ്രമായിത്തന്നെ ഇരുന്നു. വിരലിലെണ്ണാവുന്ന ആട്ടക്കഥകളേ നല്ല സാഹിത്യ കൃതികൾ കൂടിയായിട്ടുള്ളു. ഇതിനു കാരണം കഥകളിയുടെ സാങ്കേതികസ്വഭാവമാണു്. മനുഷ്യ സ്വഭാവത്തിലെ വ്യക്തിത്വങ്ങളെ ആവിഷ്കരിക്കലാണു് സാഹിത്യത്തിന്റെ മുഖ്യ ധർമ്മം. നേരെമറിച്ചു മനുഷ്യ ദേവാസുര സ്വഭാവങ്ങളിലെ സാമാന്യവൽകൃതങ്ങളെ ആവിഷ്കരിക്കൽ കഥകളിയുടേയും. അപ്പോൾ രണ്ടിനേയും ഒപ്പിച്ചു പോയവരെ പുകഴ്ത്താമെന്നല്ലാതെ, ഒപ്പിക്കാൻ കഴിയാത്തവരെ നാം പുകഴ്ത്തിക്കൂടത്തന്നെ.

പറഞ്ഞതിന്റെ ചുരുക്കം ഇതാണു്: കൂടിയാട്ടവും കഥകളിയും നമ്മുടെ നാടകസാഹിത്യത്തിലേക്കു തീരെ മുതൽ കൂട്ടിയിട്ടില്ല. പിന്നീടു ശാകുന്തള തർജ്ജമയെത്തുടർന്നു സംസ്കൃത നാടകാനുകരണങ്ങളുടെ വെള്ളപ്പൊക്കമുണ്ടായപ്പോഴേ, ആ നാടകങ്ങളെ തുരത്തിക്കൊണ്ടു പാഴ്സി നാടകങ്ങളുടെ ഹിന്ദുസ്ഥാനി അനുകരണങ്ങളുടെ അനുകരണങ്ങളായ മലയാള സംഗീത നാടകങ്ങൾ മുററിത്തഴച്ചപ്പോഴോ—അപ്പോഴൊക്കെയും നമ്മുടെ നാടകസാഹിത്യം ദരിദ്രമായിത്തന്നെ നിന്നു.

പിന്നെ 'തിരുനാൾപ്രഹസന'ങ്ങളുടെ കാലമായി. പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് തൃക്കൺപാർത്തു രസിക്കാനെഴുതിയ ഈ വിദൂഷക സൃഷ്ടികളുടെ കൂട്ടത്തിൽ സീതാലക്ഷ്മി, കേശവദാസൻ, വേലുത്തമ്പി ദളവ മുതലായ ചില നല്ല റൊമാൻറിക്—വീരകരുണ നാടങ്ങളുണ്ടായതു് ഭാഗ്യമെന്നേ കരുതാനുള്ളു. എങ്കിലും ഇവയുടെ ദുഷിച്ച 'പൊന്നു തമ്പുരാൻ' പാരമ്പര്യം ഇന്നും സ്കൂൾ—വായനശാലാ വാർഷികങ്ങളുടെ അവസാനഘട്ടത്തെ അലങ്കോലപ്പെടുത്തുന്ന 'പ്രാന്തൻ' പ്രഹസനങ്ങളിൽ തങ്ങിനിൽക്കുന്നുണ്ടു്. ഇവയിൽ നിന്നു സാഹിത്യത്തിന്നു ഏറെയൊന്നും കിട്ടിയിട്ടില്ലെങ്കിൽ എന്തത്ഭുതം? അതും കഴിഞ്ഞാണു ഇവിടെ പ്രശ്നനാടകങ്ങളുടെ ആവിർഭാവം. ശ്രീ: എൻ. കൃഷ്ണപിള്ളയും ഇടശ്ശേരിയും സി. ജെ. തോമസ്സും മററും എത്ര ശ്രമിച്ചിട്ടും അവ ഇന്നും പുരികം ഉയർന്ന ഒരു ന്യൂനപക്ഷത്തിന്റേതായി നില്ക്കുന്നേ ഉള്ളു.

പക്ഷേ ഒന്നുണ്ട്: ഈ നാടകങ്ങൾ മിക്കവയും സാഹിത്യത്തിന്നല്ല മുതൽക്കൂട്ടാണ്. നമ്മുടെ പുതിയ നാടകങ്ങൾ ഇവിടെനിന്നാണ് തുടങ്ങേണ്ടത്. അവ നല്ല സാഹിത്യമായിരിക്കണം —ഒപ്പം നല്ല നാടകവും. മുമ്പു പറഞ്ഞവരുടെ നാടകങ്ങൾ ഈ വിഷയത്തിൽ നമുക്കു മാർഗ്ഗദർശനങ്ങളാണ്. അവയുടെ ചുമലിൽ ചവുട്ടിക്കയറി നമ്മുടെ നാടകമെഴുത്തുകാർ മുന്നോട്ടു പോകുന്തോറും നമ്മുടെ സാഹിത്യം (ഞാൻ മോഹിക്കുന്നു, അതിലെ കാവ്യശാഖ) കൂടുതൽ, കൂടുതൽ സമ്പന്നമായിത്തീരും. ധർമ്മസങ്കടത്തിൽ പെട്ട മനുഷ്യനാണല്ലോ ഉത്തമ സാഹിത്യത്തിന്റെ വിഷയം. അയാളുടെ കഥയല്ലേ നാടകം? ആ കഥ കലാസുഭഗമായാവിഷ്കരിച്ചതല്ലേ ഏററവും നല്ല കവിത?

നാടകാഭിവൃദ്ധി സാഹിത്യാഭിവൃദ്ധിക്കുതകുന്നതെങ്ങനെയെന്ന് ചുരുക്കത്തിൽ ചൂണ്ടിക്കാണിച്ചു. ഇനി നാട്ടു ജനങ്ങളുടെ സംസ്കാരാഭിവൃദ്ധിയിൽ നേരിട്ടു പങ്കുകൊള്ളുന്ന വിധം കൂടി നിർദ്ദേശിക്കാം. ജനാധിപത്യത്തിന്റെ ഉപാധിയും ഫലവുമായ വ്യക്തിത്വത്തിന്റെ സർവ്വതോന്മുഖവികാസവും നാടകവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടും ആശ്രയിച്ചും ഇരിക്കുന്നതു ചരിത്രത്തിന്റെ ഏടുകളിൽ കാണാം. സിനിമ ഏകാധിപത്യത്തിന്റെ കലാവിനോദമാണ്. അതു "ബഹുജന"ത്തിനു വേണ്ടിയുള്ളതാണ്; ബഹുജനത്തെ സംസ്കരിക്കാനല്ല; മയക്കാനും ആവേശംകൊള്ളിക്കാനും. ഈ ബഹുജനം തീയേററിൽ "വന്നുകണ്ട് കീഴടക്കപ്പെട്ട്" മടങ്ങുന്നു. അവർക്ക് സിനിമയുടെ നിർമ്മാണത്തിലൊരു പങ്കുമില്ല. അതിനാൽ അതിന്റെ നന്മതിന്മകളിൽ താല്പര്യവുമില്ല. അത്തരം കുറെ കാഴ്ചക്കാരെ രണ്ടുമൂന്നു മണിക്കൂർ നേരത്തേക്ക് എങ്ങനെ പിടിച്ചിരുത്താം? എങ്ങനെ വീണ്ടും തീയേററിലേയ്ക്കു വരുത്താം? ഇതാണ് മുതലാളിത്ത വ്യവസ്ഥിതിയിൽ സിനിമാനിർമ്മാതാവിന്റെ പ്രശ്നം. അതിന്നയാൾ ഉത്തരവും കണ്ടു: ലഹരി കൂട്ടുക! സൌന്ദര്യത്തിന്റെ ലഹരി, നഗ്നതയുടെ ലഹരി, ആഭാസങ്ങളുടെയും ക്രൌര്യത്തിന്റെയും താഴ്ന്ന കോമാളിത്തത്തിന്റെയും ലഹരി. ആദർശവാദികളുണ്ടാക്കിയ മിക്ക നല്ല സിനിമപ്പടങ്ങളും ഈ ലഹരിമത്സരത്തിന്നിടയിൽ സാമ്പത്തികമായി പരാജയപ്പെട്ടതിൽ എന്താത്ഭുതം?

നേരെ മറിച്ച് നാടകം അഭിമുഖീകരിക്കുന്നത് "അഭിരൂപഭൂയിഷ്ഠയായ പരിഷത്തിനെ"യാണ്—ബഹുജനത്തെയല്ല, വ്യക്തികളെയാണെന്നർത്ഥം. നാടകകൃത്തും നടനും സംസ്കൃതചിത്തരായ പരിചിതവ്യക്തികളോടാണ്—അവരുടെ ഹൃദയങ്ങളോടാണ്—നേരിട്ടു സംസാരിക്കുന്നത്. സഭാവാസികൾ നടന്റെ അഭിനയത്തിൽ ഓരോനിമിഷത്തിലും പങ്കുചേരുന്നുണ്ട്. അവരുടെ പുരികം വളഞ്ഞാൽ അയാളുടെമുഖം വിളറും. ഒരു ഫുട്ബാൾ മാച്ചു കണ്ടു നില്ക്കയാണ് നാമെന്നു കരുതുക. അതാ ഒരു കോർണർകിക്ക്, ഗോളിയോടൊപ്പം നമ്മളും പന്തിന്നെതിരെ പാഞ്ഞു വീഴുന്നു--ഇല്ലേ? അല്ലെങ്കിൽ, ശ്വാസകോശത്തിൽ എന്താണ് ഈ ആന്തൽ? ഇവിടെ കളി കാഴ്ചക്കാരായ നമ്മുടേതുകൂടിയാണ്. നാടകത്തിന്റെയും സ്ഥിതി ഇതാകുന്നു. നാടകകാഴ്ചക്കാരായ നമ്മുടേതുകൂടിയാണ്. അതിൽ കൊല്ലുന്നതും കൊല്ലപ്പെടുന്നതും സ്നേഹിക്കുന്നതും സ്നേഹിക്ക